LIBRARY ARCHIVES Kerala Legislative Assembly

പരവൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർക്കെതിരെ നടപടി വേണമെന്ന ആവശ്യം

202 (3836) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പരവൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറുടെ പൊതുപ്രവർത്തകനോടുള്ള മോശപ്പെട്ട പെരുമാറ്റം, ഇതര നടപടികൾ എന്നീ പ്രവൃത്തികൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് രാജു.ഡി, മാവിളവീട്, പൂതക്കുളം എന്നയാൾ നൽകിയ പരാതി ലഭിച്ചിരുന്നുവോ ; വിശദാംശം അറിയിക്കാമോ ;

(ബി) പ്രസ്തുത പരാതി അന്വേഷിക്കുവാൻ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയതെന്നും നാളിതുവരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ ;

(സി) പൊതുപ്രവർത്തകരോടും പൊതുജനങ്ങളോടും വളരെ മോശമായി പെരുമാറുകയും ആക്ഷേപിക്കുകയും ചെയ്യുന്ന പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ അന്വേഷണം നടത്തിവരുന്നു.

(ബി) പരവൂർ സർക്കിൾ ഇൻസ്പെക്ടറെ അന്വേഷണച്ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച അന്വേഷണം നടത്തിവരുന്നതിനാൽ ഇപ്പോൾ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ സാധിക്കുകയില്ല.

(സി) അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാന പോലീസ് സർവ്വീസിലെ ക്രിമിനൽ പശ്ചാത്തലമുള്ളവർ

203 (3837) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സർവ്വീസിൽ ഗുണ്ടാ-മാഫിയ ബന്ധമുള്ളവരും ക്രിമിനൽ പശ്ചാത്തലമുള്ളവരുമായ എത്ര ഉദ്യോഗസ്ഥരാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ ;